*വിക്കിപീഡിയ – ഒരു കൈപ്പുസ്തകം • മലയാളം വിക്കിപീഡിയ പ്രവർത്തകർ • പകർപ്പവകാശം (CC-BY-SA) പ്രകാരം വിതരണം ചെയ്യുന്നത്. □ ഒന്നാം പതിപ്പ് ഏപ്രിൽ 2012 □ പ്രസാധനം, വിതരണം, മലയാളം വിക്കിപീഡിയ പ്രവർത്തകർ • പുസ്തക രൂപകല്പന. മലയാളം വിക്കിപീഡിയ പ്രവർത്തകർ (പൂർണ്ണമായും സ്വതന്ത്ര സോഫ്റ്റ്‌വെയറിൽ ചെയ്തത്) □ അച്ചടി, പ്രോഗ്രസിവ് പ്രസ്സ്, കൊച്ചി • സൗജന്യമായി വിതരണം ചെയ്യുന്നത്*

*Wikipedia - Oru Kaipusthakam □ Malayalam Wikipedia Contributers □ Distributed under Copyleft (CC-BY-SA) License □ First version April 2012 □ Publication, Distribution, Malayalam Wikipedia Contributers □: Layout Malayalam Wikipedia Contributers (Done with Swathanthra Software) □ Printing, Progressive Press, Kochi □ Distributed free of cost*

# ആമുഖം

"ലോകത്തിലെ ഓരോ വ്യക്തിക്കും മനുഷ്യരുടെ എല്ലാ അറിവുകളും സ്വതന്ത്രമായി ലഭ്യമാകുന്ന ഒരു സ്ഥിതിയെ കുറിച്ച് ചിന്തിക്കൂ", ഇത്തരമൊരു ആഹ്വാനത്തോടുകൂടി ജിമ്മി വെയിൽസും കൂട്ടരും തുടക്കമിട്ട പദ്ധതിയാണ് വിക്കിപീഡിയ. ലോകത്തിലെ എല്ലാ ഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞാനകോശം നിർമ്മിക്കുവാനുള്ള ഒരു കൂട്ടായ സംരംഭമാണിത്. സന്നദ്ധമായി പ്രവർത്തിക്കുന്ന ലോകത്താകമാനം വ്യാപിച്ച് കിടക്കുന്ന സ്വതന്ത്ര വിജ്ഞാനപ്രവർത്തകർ, വിക്കിമീഡിയ ഫൗണ്ടേഷന്റെ പിന്തുണയോടെ പ്രാവർത്തികമാക്കിയ ഒരു വലിയ സംരംഭമാണിത്.

വിജ്ഞാനം ആരുടേയും സ്വന്തമല്ലെന്നും, എല്ലാവർക്കും വേണ്ടിയുള്ളതാണെന്നും, അത് പങ്കുവെക്കുന്തോറും ഏറീടും എന്ന തിരിച്ചറിവിൽ, പകർപ്പുപേക്ഷ പ്രകാരമാണ് വിക്കിപീഡിയയിലെ ഉള്ളടക്കം വികസിപ്പിച്ചിരിക്കുന്നത്. വിക്കിപീഡിയയിലെ എല്ലാ വിവരങ്ങളും സ്വതന്ത്രമായി ഉപയോഗിക്കുവാൻ ഏതൊരാൾക്കും അവകാശമുണ്ടായിരിക്കും.

മലയാളം വിക്കിപ്രവർത്തകരുടെ വാർഷിക സംഗമം 2012 ഏപ്രിൽ 28, 29 തീയ്യതികളിൽ കൊല്ലത്ത് നടക്കുന്നതിന്റെ ഭാഗമായി വിക്കിപീഡിയ പ്രചരണത്തിനായി, വിക്കിമീഡിയ ഫൗണ്ടേഷന്റെ സഹായത്തോടെ, മലയാളം വിക്കിപീഡിയ പ്രവർത്തകർ തയ്യാറാക്കി വിതരണം ചെയ്യുന്ന ഒരു കൈപ്പുസ്തകമാണിത്.

# 3

## മലയാളം എഴുതുവാൻ

വിക്കിപീഡിയയിൽ മലയാളത്തിൽ ലേഖനങ്ങൾ എഴുതുന്നത് യൂണികോഡ് മലയാളം ഉപയോഗിച്ചാണ്. അതിന് താഴെ പറയുന്ന ഏതെങ്കിലും രീതിയിലോ അല്ലെങ്കിൽ താങ്കൾക്ക് അറിവുള്ള മറ്റ് രീതികളോ ഉപയോഗിച്ച് മലയാളം ടൈപ്പ് ചെയ്യാവുന്നതാണ്.

താങ്കൾക്ക് ഇൻസ്ക്രിപ്റ്റ് ടൈപ്പിങ്ങ് വശമുണ്ടെങ്കിൽ മിക്കവാറും എല്ലാ ഓപ്പറേറ്റിംഗ് സിസ്റ്റത്തിലും ഉള്ള ഇൻസ്ക്രിപ്റ്റ് കീബോർഡ് ഉപയോഗിച്ച് മലയാളം ടൈപ്പ് ചെയ്യുന്നതാണ് ഏറ്റവും നല്ല രീതി.

മലയാളം വിക്കിപീഡിയയിൽ ലഭ്യമാക്കിയ ചെയ്തിരിക്കുന്ന ഭാഷാ ഉപകരണം ഉപയോഗിച്ച് മറ്റ് ബാഹ്യ ഉപകരണങ്ങളുടെ ഒന്നും സഹായമില്ലാതെ നിങ്ങൾക്ക് മലയാളം ടൈപ്പ് ചെയ്യാവുന്നതാണ്. ലിപ്യന്തരണം, ഇൻസ്ക്രിപ്റ്റ് എന്നീ രണ്ട് രീതികളിലും മലയാളം ടൈപ്പ് ചെയ്യാൻ ഈ ഉപകരണം ഉപയോഗിക്കാവുന്നതാണ്. ഈ ഉപകരണത്തെക്കുറിച്ചുള്ള കൂടുതൽ സഹായത്തിന് http://ml.wikipedia.org/wiki/സഹായം:വിക്കിപീഡിയയിലെ_എഴുത്തുപകരണം എന്ന സഹായത്താൾ കാണുക.

ഏതെങ്കിലും എഴുത്തിടത്തിൽ ലേഖനം തയ്യാറാക്കി, വിക്കിപീഡിയയിൽ പേസ്റ്റ് ചെയ്ത് ആവശ്യമുള്ള "വിക്കി" ഘടനകൾ ക്രമപ്പെടുത്തി ലേഖനം പ്രസിദ്ധപ്പെടുത്താം. ഉദാഹരണം: വരമൊഴി.

നിങ്ങൾ വിക്കിപീഡിയ വായിക്കുവാൻ ഉപയോഗിക്കുന്ന ബ്രൗസറിലേക്ക് നേരിട്ട് മലയാളം എഴുതുവാൻ സൗകര്യം തരുന്ന ഐ.എം.ഇ. (Input Method Editor) എന്ന വിഭാഗത്തിൽ പെടുന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചും ലേഖനങ്ങൾ എഴുതുവാനും, എഡിറ്റ് ചെയ്യുവാനും സാധിക്കുന്നതാണ്. ഉദാ: കീമാൻ, കീമാജിക് ഐ.എം.ഇ ഉൾപ്പെടെ മറ്റ് ഭാഷാഉപകരണങ്ങളിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന ലിപിമാറ്റസമ്പ്രദായത്തെക്കുറിച്ചും ഉപയോക്താക്കൾക്ക് ലഭ്യമായിട്ടുള്ള സംവിധാനങ്ങളെ കുറിച്ചും താഴെ വിശദീകരിക്കുന്നു.

### ലിപിമാറ്റം

ലാറ്റിൻ ലിപി ഉപയോഗിച്ച് ലാറ്റിനിതര ഭാഷകൾ എഴുതുന്ന രീതിയെ പൊതുവായി ലിപിമാറ്റസമ്പ്രദായം എന്ന് പറയുന്നു. എങ്കിലും ഈ ലേഖനത്തിന് പ്രസക്തമാകുന്ന വിധത്തിൽ പറയുകയാണെങ്കിൽ, ഇംഗ്ലീഷ് കീബോർഡിലെ ചിഹ്നങ്ങളും അക്ഷരങ്ങളും ഉപയോഗിച്ച് ഇംഗ്ലീഷിതര ഭാഷ എഴുതുന്ന രീതിയെ ലിപിമാറ്റം എന്ന് ചുരുക്കിപ്പറയാം.

ഇനി ഉപഭോക്താക്കൾക്ക് എളുപ്പം ഉപയോഗിക്കുവാൻ കഴിഞ്ഞേക്കാവുന്ന ചില ലിപിമാറ്റ രീതികളെ കുറിച്ച് പറയാം. ഇംഗ്ലീഷ് കീബോർഡിലെ അക്ഷരങ്ങൾ ലിപിമാറ്റം ചെയ്യപ്പെടേണ്ട ഭാഷയിലെ അക്ഷരങ്ങളുമായി എങ്ങനെ ബന്ധപ്പെടുത്തിയിരിക്കുന്നു എന്നതടിസ്ഥാനമാക്കി നമുക്ക് ലഭ്യമായ ലിപിമാറ്റസമ്പ്രദായങ്ങളെ പലതായി തരം തിരിക്കാം.

*മൊഴി ലിപിമാറ്റം*

വരമൊഴി എഡിറ്ററിൽ ഉപയോഗിച്ചിരിക്കുന്ന ലിപിമാറ്റ സമ്പ്രദായം മലയാളം അക്ഷരങ്ങളെ ലാറ്റിൻ ലിപിയിൽ എങ്ങനെ വിന്യസിച്ചിരിക്കുന്നു എന്നതറിയുവാൻ ഈ ലിങ്ക് ശ്രദ്ധിക്കുക:

http://varamozhi.sourceforge.net/quickref.html

*സ്വരസൂചക ലിപിമാറ്റം*

ഏതെങ്കിലും സംസാരഭാഷയെ എപ്രകാരം ഇംഗ്ലീഷ് അക്ഷരമാലകൊണ്ട് എഴുതിക്കാണിക്കുന്നുവോ അപ്രകാരം എഴുതി ലിപിമാറ്റം സാധിച്ചെടുക്കുന്നതാണ് സ്വരസൂചക ലിപിമാറ്റം. പലപ്പോഴും വ്യക്തിപരമായ ആവശ്യങ്ങൾക്ക് വേണ്ടി തയ്യാറാക്കപ്പെടുന്ന ഇത്തരം സമ്പ്രദായങ്ങൾക്ക് തമ്മിൽ പ്രകടമായ ചേർച്ചക്കുറവ് ദൃശ്യമാകാറുണ്ട്. hallo sukamano

**ടൈപ്പിങ് ഉപകരണങ്ങൾ**

മറ്റു സംവിധാനങ്ങൾ കൂടാതെ നേരിട്ട് വെബ്സൈറ്റുകളിലേക്ക് ടൈപ്പ് ചെയ്യുവാൻ സഹായിക്കുന്ന ഉപകരണങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം എഴുതിയ ഭാഗം ചെയ്യുന്നതിന് പ്രസ്തുത വെബ്സൈറ്റിലെ "ഡാറ്റാ സബ്മിഷൻ ഫോം" ഉപയോഗിക്കാവുന്നതാണ് (ഈ പേജിന് മുകളിൽ കാണുന്ന എഡിറ്റ് ഓപ്ഷൻ ക്ലിക്ക് ചെയ്താൽ നിങ്ങൾ കാണുന്ന ടെക്സ്റ്റ്ബോക്സും മറ്റ് അനുബന്ധ ടൂളുകളും ഇപ്രകാരമുള്ളവയാണ്)

**മലയാളം കീബോർഡുകൾ**

വിവിധ ഓപ്പറേറ്റിങ് സിസ്റ്റങ്ങൾക്കായി മലയാളത്തിൽ ലഭ്യമായിരിക്കുന്ന ടൈപ്പിങ് ഉപകരണങ്ങൾ, അവയോടുകൂടെ ലഭ്യമായിട്ടുള്ള കീബോർഡുകളുടെ വിശദാംശങ്ങളടക്കം താഴെ വിശദീകരിച്ചിരിക്കുന്നു. ആദ്യം വ്യത്യസ്ത കീബോർഡുകളെ കുറിച്ച്:

- *റെമിങ്ടൺ:* മലയാളം റെമിങ്ടൺ ടൈപ്പ്റൈറ്ററിന് സമാനമായ കീബോർഡ് ലേഔട്ട്.
- *ഇൻസ്ക്രിപ്റ്റ്:* മലയാളം ഇൻസ്ക്രിപ്റ്റ് ടൈപ്പിങ്ങിന് സമാനമായ കീബോർഡ് ലേഔട്ട്.
- *ലിപിമാറ്റം:* ലാറ്റിൻ ലിപി ഉപയോഗിച്ച് മലയാളം എഴുതുവാനുള്ള കീബോർഡ്.
- *ഗൂഗിൾ ഇൻഡിക് മലയാളം:* ഗൂഗിൾ മലയാളം ഓൺലൈൻ ടൈപ്പിംഗ് സഹായി.

ഓപ്പറേറ്റിങ് സിസ്റ്റം അനുസരിച്ചുള്ള മലയാളം കീ ബോർഡുകൾ

*ഗ്നു/ലിനക്സ്*

1. ഉബുണ്ടുവിൽ മലയാളം ഐബസ് ഉപയോഗിച്ച് ടൈപ്പ് ചെയ്യൽ
2. ഇൻസ്ക്രിപ്റ്റ് രീതി - മലയാളം ഇൻസ്ക്രിപ്റ്റ് കീബോർഡ്.
3. സ്വനലേഖ മലയാളം നിവേശകരീതി - മലയാളം ഫൊണറ്റിക് നിവേശകരീതി
4. മൊഴി ട്രാൻസ്ലിറ്ററേഷൻ കീബോർഡ്
5. ലളിത

*മൈക്രോസോഫ്റ്റ് വിൻഡോസ്*

1. വിൻഡോസ് എക്സ്.പി സർവീസ്പാക്ക് എഡിഷൻ 2 - ലഭ്യമായിട്ടുള്ള കീബോർഡുകൾ: ഇൻസ്ക്രിപ്റ്റ് കീബോർഡ്.
2. കീമാജിക്ക് (മലയാളം ലിപിമാറ്റരീതികൾ ഉൾക്കൊള്ളിച്ചത്)
3. ഭാഷാഇന്ത്യ.കോം സൈറ്റിൽ ലഭ്യമായിട്ടുള്ള മലയാളം ഐ.എം.ഇ - ലഭ്യമായിട്ടുള്ള കീബോർഡുകൾ: റെമിങ്ടൺ, ISO മലയാളം ട്രാൻസ്ലിറ്ററേഷൻ.
4. മൊഴി കീബോർഡ് - ലഭ്യമായിട്ടുള്ള കീബോർഡുകൾ: മൊഴി ട്രാൻസ്ലിറ്ററേഷൻ.

5. വാമൊഴി കീബോർഡ് - ലഭ്യമായിട്ടുള്ള കീബോർഡുകൾ: മൊഴി ട്രാൻസ്‌ലിറ്ററേഷൻ.

6. ഇളികയൂണിക്കോഡ് കീബോർഡുകൾ - മലയാളം ടൈപ്പ് റൈറ്റർ കീബോർഡ് റെമിങ്ടണും കേരള സർക്കാർ നിഷ്കർഷിക്കുന്ന ഇൻസ്ക്രിപ്റ്റ് കീബോർഡും.

7. ഗൂഗിൾ ഇൻപുട്ട് സഹായി - ഗൂഗിൾ മലയാളം ടൈപ്പിംഗ് സഹായി.


8. കീമാൻ

*ആപ്പിൾ - ഓ.എസ് & ഓ.എസ് ടെൻ*

1. ഇൻസ്ക്രിപ്റ്റ് കീബോർഡ്
2. വരമൊഴി എഡിറ്റർ ബൈനറി
3. മാക് മലയാളം
4. സിൽക്കി (പഴയ മാക് കമ്പ്യൂട്ടറുകൾക്കായി)
5. ഉകലേലേ (മാക് OSX 10.2 വും, അതിനുമുകളിലും)
6. സ്വന്തം കീ മാപ്പിംഗ് സഹായി (കീ ലേ-ഔട്ട് മേക്കർ)

### വിക്കിപീഡിയയിലെ എഴുത്തുപകരണം

മറ്റ് ഉപകരണങ്ങളുടെ സഹായമില്ലാതെ തന്നെ മലയാളം ടൈപ്പ്ചെയ്യുന്നതിനുള്ള സൗകര്യം നിലവിൽ വിക്കിപീഡിയയിൽ ചേർത്തിട്ടുണ്ട്. മീഡിയവിക്കി സോഫ്റ്റ്‌വെയറിനു വേണ്ടിയുള്ള നാരായം എന്ന ചേർപ്പുപയോഗിച്ചാണ് ഇത് സാധിച്ചിരിക്കുന്നത്. ഇംഗ്ലീഷ് കീബോർഡിലെ ചിഹ്നങ്ങളുപയോഗിച്ച് മലയാള ഭാഷാ അക്ഷരങ്ങളും ചിഹ്നങ്ങളും ടൈപ്പ് ചെയ്യുന്ന ലിപിമാറ്റ സമ്പ്രദായവും ഇംഗ്ലീഷ് ടൈപ്പ് ചെയ്യുന്ന അതേ രീതിയിൽ ഒരോ ചിഹ്നത്തിനും പ്രത്യേകം കീ ഉപയോഗിച്ചുള്ള ഇൻസ്ക്രിപ്റ്റ് രീതിയും ഇതിലുണ്ട്. സാധ്യമാണ്




*എഴുത്തുപകരണം നിർജ്ജീവമാക്കാൻ*

ലോകത്തെല്ലായിടത്തുമുള്ള മലയാളം വിക്കിപ്രവർത്തകർക്കും എല്ലായിപ്പോഴും വിക്കിപീഡിയയിൽ മലയാളം ടൈപ്പിങ്ങ് സാധ്യമാക്കാനാണ് ഇത്തരത്തിൽ എഴുത്തുപകരണം സന്നിവേശിപ്പിച്ചിരിക്കുന്നത്. എങ്കിലും ഉപയോക്താക്കളിൽ ചിലർ മലയാളം ടൈപ്പ് ചെയ്യാൻ വിക്കിപീഡിയയിലെ എഴുത്തുപകരണം ഉപയോഗിക്കുന്നുണ്ടാകില്ല, വിൻഡോസ്, ലിനക്സ് സിസ്റ്റങ്ങളിൽ സ്വതേയുള്ള ടൈപ്പ് ഉപകരണങ്ങൾ, കീമാൻ, കീമാജിക്ക് തുടങ്ങിയ ഉപകരണങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തുന്നുണ്ടാകാം. അങ്ങനെയുള്ളവർ വിക്കിപീഡിയയിലെ എഴുത്തുപകരണം ഉപയോഗിക്കില്ല അല്ലെങ്കിൽ ആവശ്യമില്ല എന്ന ചിന്തിക്കുകയും എഴുത്തുപകരണം വരുന്നത് ഇഷ്ടപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ സ്വന്തം ക്രമീകരണങ്ങളിൽ പോയി എഴുത്തുപകരണത്തെ നിർജ്ജീവമാക്കാൻ സാധിക്കുന്നതാണ്. അതിനായിൽ ക്രമീകരണങ്ങളിലെ തിരുത്തൽ ടാബിനു കീഴിലുള്ള വിപുലമായ ഉപാധികൾ എന്ന വിഭാഗത്തിലുള്ള നാരായം ഇൻപുട്ട് മെഥേഡ് തിരുത്തലുപകരണം (IME) നിർജ്ജീവമാക്കുക എന്ന ചെക്ക്ബോക്സ് ടിക്ക് ചെയ്യുക. അതോടെ എഴുത്തുപകരണം താങ്കളുടെ അംഗത്വത്തിൽ നിർജ്ജീവമായിത്തീരും. എപ്പോൾ വേണമെങ്കിലും ഈ ചെക്ക്ബോക്സ് അൺടിക്ക് ചെയ്ത് എഴുത്തുപകരണത്തെ സജീവമാക്കാവുന്നതാണ്.


മലയാളം വിക്കിപീഡിയ പ്രവർത്തകർ പകർപ്പുപേക്ഷ പ്രകാരം പ്രസിദ്ധീകരിക്കുന്നത്.

കു = ku

കൂ = kU അല്ലെങ്കിൽ koo

കൃ = kR

കൃ = kRR

കെ = ke

കേ = kE

കൈ = kai

കൊ = ko

കോ = kO

കൗ = kau

കം = kam

കഃ = kaH

ഏതാനും ഉദാഹരണങ്ങൾ ഇവിടെ നൽകുന്നു:

- kaakka -> കാക്ക
- pooccha -> പൂച്ച
- prakRthi -> പ്രകൃതി
- Rshinaaradamamgalam -> ഋഷിനാരദമംഗലം
- pon_veeNa -> പൊൻവീണ

## ഇൻസ്ക്രിപ്റ്റ്

ഒരോ മലയാള അക്ഷരങ്ങളും ചിഹ്നങ്ങളും പ്രത്യേകം കീകൾ ഉപയോഗിച്ച് ടൈപ്പ് ചെയ്യുന്ന ഇൻസ്ക്രിപ്റ്റ് രീതിയും വിക്കിപീഡിയയിൽ ലഭ്യമാണ്. ഇൻസ്ക്രിപ്റ്റ് രീതിയിൽ ഒരോ മലയാള അക്ഷരവും ലഭ്യമാകുന്നതിന് ഏതൊക്കെ കീകൾ ഉപയോഗിക്കണം എന്നത് വ്യക്തമാക്കുന്ന മലയാളം ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേഔട്ടിന്റെ ചിത്രം താഴെ കാണാം.

ചില്ലക്ഷരം ടൈപ്പ് ചെയ്യാൻ ഓരോ ചില്ലക്ഷരത്തിനും താഴെ കാണുന്ന കീകോംബിനേഷൻ ഉപയോഗിക്കുക:

- ർ - j d ]
- ൽ - n d ]
- ൾ - N d ]


മലയാളം വിക്കിപീഡിയ പ്രവർത്തകർ പകർപ്പുപേക്ഷ പ്രകാരം പ്രസിദ്ധീകരിക്കുന്നത്.

- ൻ - v d ]
- ൺ - C d ]




### മലയാളം യൂണികോഡ് ഫോണ്ടുകൾ

മലയാളം ഭാഷാഉപകരണങ്ങൾ കൃത്യതയോടെ ഉപയോഗിക്കുന്നതിനും മലയാളം ലിപി വായിക്കുന്നതിനും ശരിയായ യൂണികോഡ് മലയാളം ഫോണ്ടുകൾ നിങ്ങളുടെ കമ്പ്യൂട്ടറിൽ ഉണ്ടായിരിക്കേണ്ടതുണ്ട്. മിക്കവാറും എല്ലാ പ്രധാന ഓപ്പറേറ്റിങ് സിസ്റ്റങ്ങളും അവയുടെ പുതിയ പതിപ്പുകളിൽ മലയാളം ഫോണ്ടുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറേക്കൂടി മികവുള്ള ഫോണ്ടുകൾ സൗജന്യമായി ലഭ്യമാണ്.

- അഞ്ജലി യൂണികോഡ്, പഴയലിപി ഫോണ്ട് (വിൻഡോസിൽ ഉത്തമം)
- രചന
- മീര
- രഘുമലയാളം (ലിനക്സിൽ ഉത്തമം)
- അരുണ യൂണിക്കോഡ് പുതിയ ലിപി (ലിനക്സിലും വിൻഡോസിലും ഒരുപോലെ ഉത്തമം)
- ദ്യുതി - ആലങ്കാരിക അക്ഷരരൂപം
- സുറുമ
- തൂലിക യൂണികോഡ്
- തൂലിക ട്രെഡീഷണൽ യൂണികോഡ്,പഴയലിപി ഫോണ്ട്

എന്നീ ഫോണ്ടുകളും അവയിലേയ്ക്കുള്ള കണ്ണികളും നൽകിയിരിക്കുന്നു. കൂടാതെ ഉപയോക്താവ് ഉപയോഗിക്കുന്ന ഓപ്പറേറ്റിങ് സിസ്റ്റത്തിൽ എങ്ങനെ ഫോണ്ട് സന്നിവേശിപ്പിക്കാം എന്നതിനേക്കുറിച്ചും ചെറിയ വിവരണങ്ങൾ നൽകിയിട്ടുണ്ട്.

എല്ലാ വിക്കിപീഡിയകളിലേയ്ക്കുമായി വിക്കിമീഡിയ കോമൺസിൽ അപ്‌ലോഡ് ചെയ്യപ്പെട്ടിട്ടുള്ള ചിത്രങ്ങളോ മാത്രമേ മലയാളം വിക്കിപീഡിയയിൽ ഉപയോഗിക്കാൻ സാധിക്കൂ. ലേഖനങ്ങളിൽ ചേർക്കുവാൻ താഴെ കൊടുത്തിരിക്കുന്ന രീതിയിൽ നൽകുക:

[[പ്രമാണം:ഫയലിന്റെ_പേര്.jpg]]

*അല്ലെങ്കിൽ*

[[പ്രമാണം:"ഫയലിന്റെ_പേര്.png"|ചിത്രത്തിനുപകരമുള്ള എഴുത്ത്]]

ഇവിടെ *ഫയലിന്റെ_പേര്.png* എന്നതിനു പകരം ചിത്രത്തിന്റെ പേരു നൽകുക. ഉദാഹരണം Ravivarma3.jpg.

ചിത്രങ്ങളുടെ ചെറുരൂപങ്ങൾ ലേഖനങ്ങളിൽ ചേർക്കുവാൻ മറ്റൊരു രീതിയും അവലംബിക്കാം. അതിങ്ങനെ ആണ്:

[[പ്രമാണം:ഫയലിന്റെ_പേര്.png|thumb|വീതിpx|സ്ഥാനം|അടിക്കുറിപ്പ്]]


അടിക്കുറിപ്പിൽ സാധാരണ വിക്കിലേഖനങ്ങളിലുപയോഗിക്കുന്ന എല്ലാ ഫോർമാറ്റിംഗ് സാധ്യതകളും ഉപയോഗിക്കാം. സ്ഥാനം left, right,center എന്നിങ്ങനെയും, വീതി പിക്സലിലും ആണ് കൊടുക്കേണ്ടത്.

*ഉദാഹരണം*

- മലയാളം വിക്കിപീഡിയയിൽ അപ്‌ലോഡ് ചെയ്തിരിക്കുന്ന ഒരു ചിത്രം ചേർത്തിരിക്കുന്ന വിധം:

[[പ്രമാണം:Ravi_Varma-Shakuntala_stops_to_look_back.jpg|thumb|150px|center|"ശകുന്തള", <br>ഒരു [[രാജാ രവിവർമ്മ|രവിവർമ്മ]] ചിത്രം.]]

- ചിത്രം:




*ശകുന്തള*,
ഒരു രവിവർമ്മ ചിത്രം.

- വിക്കിമീഡിയ കോമൺസിൽ അപ്‌ലോഡ് ചെയ്തിരിക്കുന്ന ഒരു ചിത്രം ചേർത്തിരിക്കുന്ന വിധം:

[[പ്രമാണം:Kadakali_painting.jpg|thumb|200px|center|കഥകളി.]]

## വിക്കിപീഡിയയിലെ മീഡിയ ഫയലുകൾ



ചില വിക്കിപീഡിയ ലേഖനങ്ങളിൽ ഓഡിയോ, വീഡിയോ ഫയലുകൾ ഉൾപ്പെടുത്താറുണ്ട്

വിക്കിപീഡിയയിലെ ചില ലേഖനങ്ങളിൽ *ഓഡിയോ, വീഡിയോ* ഫയലുകൾ ഉൾപ്പെടുത്താറുണ്ട്. അത്തരം ഫയലുകളെ എങ്ങനെ പ്ലേ ചെയ്യാം എന്ന് വിശദീകരിയ്ക്കുകയാണ് ഈ താളിന്റെ ഉദ്ദേശം

വിക്കിപീഡിയയിലെ മീഡിയ ഫയലുകൾ എല്ലാം തന്നെ മിക്ക കമ്പ്യൂട്ടറുകളിലും പ്ലേ ചെയ്യാവുന്നതാണ്, പക്ഷേ അതിനുവേണ്ട പ്രത്യേക സോഫ്റ്റ്‌വെയറുകൾ നിങ്ങളുടെ കമ്പ്യൂട്ടറിൽ ഉണ്ടാവണം എന്നുമാത്രം. താങ്കൾ മീഡിയ ഫയലുകളുടെ കണ്ണികളിൽ ഞെക്കുമ്പോൾ നിങ്ങളുടെ കമ്പ്യൂട്ടർ തന്നെത്താൻ ആ ഫയലുകളെ പ്രവർത്തിപ്പിക്കുന്നില്ലെങ്കിൽ, ഇന്റർനെറ്റിൽ നിന്നും കിട്ടുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയറുകളെ ഉപയോഗിച്ച് അത് സാധിക്കാവുന്നതാണ്.

വിക്കിപീഡിയയിലുള്ള ശബ്ദഫയലുകൾ മിക്കാവാറും ഓഗ് വോർബിസ് ഫോർമാറ്റിലും, അതേപോലെ വീഡിയോ ഫയലുകൾ ഓഗ് തിയറ ഫോർമാറ്റിലുമാണുള്ളത്. ഇവ സാധാരണയായി ഡിജിറ്റൽ ഓഡിയോയും വീഡിയോയും പ്രവർത്തിപ്പിക്കാൻ ഉപയോഗിച്ചുവരുന്ന MP3 യും MPEG ഉം പോലെ തന്നെയാണ്. ആകെയുള്ള വ്യത്യാസം ഈ ഓഗ് ഫോർമാറ്റുകൾ പേറ്റന്റില്ലാത്തവയും, സ്വതന്ത്രവും, തുറന്ന സമീപനം പുലർത്തുന്നവയുമാണെന്നുള്ളതാണ്.

സംഗീത ഫയലുകൾ ചിലപ്പോൾ മിഡി ഫോർമാറ്റിലും വരാറുണ്ട്.(.MID അല്ലെങ്കിൽ .MIDI എക്സ്റ്റൻഷനുകളിൽ). ഇന്നത്തെ കമ്പ്യൂട്ടറുകളിൽ മിഡി ഫയലുകൾ പ്രവർത്തിപ്പിക്കാൻ പുതിയ സോഫ്റ്റ്‌വെയറുകൾ സാധാരണ വേണ്ടിവരാറില്ല കാരണം ഇന്നത്തെ മിക്ക കമ്പ്യൂട്ടറുകലിലും സൗണ്ട് കാർഡും മിഡി പ്ലേയറും സാധാരണ കാണാറുണ്ട്.


മലയാളം വിക്കിപീഡിയ പ്രവർത്തകർ പകർപ്പപേക്ഷ പ്രകാരം പ്രസിദ്ധീകരിക്കുന്നത്.

